ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ലഭ്യമായിരുന്ന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിരുന്നു. കേന്ദ്രത്തിൽ നിന്നും രണ്ടാം ഗഡുവായി ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ട അവസരത്തിൽ വേതന വിതരണത്തിൽ താമസം സംഭവിച്ചിട്ടുണ്ട്.

നഗരസഭകളിലെ പദ്ധതി പ്രവർത്തനം

*81 (1939) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിൽ ഈ വർഷം ഇരുപത്തിയഞ്ച് ശതമാനം പദ്ധതി പ്രവർത്തനം മാത്രമേ ഇതേവരെ നടന്നിട്ടുള്ളൂ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി നിർവ്വഹണത്തിൽ നഗരസഭകൾ പിന്നോക്കം പോകാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഏത് നഗരസഭയിലാണ് ഏറ്റവും കുറവ് പദ്ധതിച്ചെലവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത കൈവരിക്കാത്ത നഗരസഭകളുടെ ഗ്രാന്റുകൾ തടയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) നഗരസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതുകൊണ്ടുണ്ടായ നേട്ടം എന്താണെന്ന് വെളിപ്പെടുത്തുമോ ?

(എഫ്) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതികൾക്ക് ഡിപിസി അംഗീകാരം ലഭിക്കുവാൻ വൈകിയതും ഇലക്ഷൻ പ്രഖ്യാപിച്ചതുമൂലവും ആണ്. നഗരസഭകളുടെ പദ്ധതി നിർവ്വഹണം പിന്നോക്കം പോകാൻ കാരണമായതെന്ന് കാണുന്നു.

(സി) പൊന്നാനി നഗരസഭയിലാണ് ഏറ്റവും കുറവ് പദ്ധതി ചെലവ് വന്നിട്ടുള്ളത്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) നഗരസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അവലോകനം ചെയ്യാറുണ്ട്. യഥാസമയം നിശ്ചിത രീതിയിൽ വരവ് ചെലവ് കണക്ക് തയ്യാറാക്കുന്നതിന് ഡബിൾ എൻട്രി സിസ്റ്റം സഹായകമാണെന്ന് കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നഗരകാര്യ ഡയറക്ടറുടെ അവലോകന യോഗത്തിൽ പദ്ധതി പ്രവർത്തനം വിലയിരുത്താറുണ്ട്. കഴിഞ്ഞ അവലോകന യോഗത്തിൽ പദ്ധതി തുക വിനിയോഗിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മൾട്ടിസെക്റ്റർ ഡവലപ്മെന്റ് പ്രോജക്റ്റ്

182 (1940) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾട്ടി സെക്റ്റർ ഡവലപ്മെന്റ് പ്രോജക്റ്റ് നടപ്പാക്കാൻ രാജ്യത്ത് ന്യൂനപക്ഷ കേന്ദ്രീകൃതമായ 90 ജില്ലകൾ തിരഞ്ഞെടുത്തപ്പോൾ കേരളത്തിൽ നിന്ന് ഉൾപ്പെട്ടത് വയനാട് ജില്ല മാത്രമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) സംസ്ഥാനത്തെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായ കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നിവ പദ്ധതിയിൽ ഉൾപ്പെടാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ :

(സി) പദ്ധതിയുടെ കാലാവധി 2012-ൽ അവസാനിക്കുമെന്നിരിക്കെ മുകളിൽ പറഞ്ഞ ജില്ലകളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ :

(ഡി) പദ്ധതിയിൽ ഉൾപ്പെട്ട വയനാടിന്റെ പദ്ധതി നടത്തിപ്പ് ആശാവഹമല്ലെന്ന് ദേശീയ മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ :

(ഇ) വയനാട്ടിൽ നിന്ന് സമർപ്പിച്ച പദ്ധതികളിൽ ഏതിനൊക്കെ കേന്ദ്ര സഹായം ലഭ്യമായി ; ഏതൊക്കെ പദ്ധതികൾ കേന്ദ്രം നിരസിച്ചു ; അവ പോരായ്മകൾ തീർത്ത് വീണ്ടും സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ :

(എഫ്) മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, പാലക്കാട് ജില്ലകളുടെ പ്രൊപ്പോസൽ സമർപ്പിക്കാനുള്ള താമസം അവ ജില്ലകളിൽനിന്ന് യഥാസമയം ലഭിക്കാത്തതാണോ ; എങ്കിൽ ഇത് ലഭ്യമാക്കാനും പ്രോജക്റ്റ് കേന്ദ്രത്തിന് സമർപ്പിക്കാനും നടപടി സ്വീകരിക്കുമോ ;

(ജി) പ്രസ്തുത ജില്ലകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്കാവസ്ഥയുള്ളതുമായ 90 ജില്ലകളെ തെരഞ്ഞെടുത്ത് ഈ ജില്ലകളുടെ സമഗ്രവികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly